പതിമൂന്നാം കേരള നിയമസഭ
13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 735 — 11.03.2015-ൽ മറുപടിയ്ക്ക്

ചികിത്സാ പിഴവ് മൂലമുള്ള മരണങ്ങൾ

| ചോദ്യം<br>ശ്രീമതി.കെ.എസ്.സലീഖ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| എ | ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ ചികിത്സാ പിഴവ് മൂലം മരണപ്പെട്ടവർ, അംഗവൈകല്യം സംഭവിച്ചവർ എന്നിവർ എത്രയെന്നും ആരൊക്കെയെന്നും സംബന്ധിച്ച വിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമൊ; | എ | ചികിത്സാ പിഴവുമൂലം 11 പേർ മരണപ്പെട്ടിട്ടുണ്ട്. വിലാസിനി (തൃശ്ശൂർ), ബാബു (കൊല്ലം), ശേഖർ (തിരുവനന്തപുരം), സുനിൽകുമാർ (തിരുവനന്തപുരം), ബിന്ദു (തിരുവനന്തപുരം), മഞ്ജു (തിരുവനന്തപുരം) സതാംസിംഗ് (ബീഹാർ), വെങ്കിടേഷ്പൈ (ആന്ധ്രാപ്രദേശ്), സ്റ്റാൻലി (തിരുവനന്തപുരം), കൃഷ്ണൻകുട്ടി (പാലക്കാട്), പ്രബിത (കൊല്ലം)<br>അംഗവൈകല്യം സംഭവിച്ചവർ - 5<br>രാജൻ, വിജയലക്ഷ്മി, തങ്ക, ബാലൻ, കുട്ടപ്പൻ (5 പേരും തൃശ്ശൂർ ജില്ലയിലുള്ളവരാണ്) |
| ബി | ഇത്തരം ഗുരുതര വീഴ്ച സംഭവിച്ചതിന്റെ പേരിൽ എത്ര ഡോക്ടർമാർക്കെതിരെയും മറ്റ് ആശുപത്രി ജീവനക്കാർക്കെതിരെയും അന്വേഷണ പ്രകാരം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും അവർ ആരൊക്കെയാണെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; | ബി | തൃശ്ശൂർ ജില്ലയിൽ വിലാസിനി എന്ന രോഗി മരിച്ചതുമായി ബന്ധപ്പെട്ട ഡോ. മിഥുൻ റോഷിനെതിരെ (കാഷ്വാൽറ്റി മെഡിക്കൽ ഓഫീസർ) അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്. കർശന താക്കീത് നൽകി അച്ചടക്കനടപടി അവസാനിപ്പിച്ചു. ഇതേ വിഷയത്തിൽ ഡോ. മെറിൻ ലിസ് ജോസ്, 2 സ്റ്റാഫ് നേഴ്സ്മാർക്കെതിരെയും അച്ചടക്കനടപടി സ്വീകരിക്കുകയും താക്കീത്, സ്ഥലംമാറ്റം തുടങ്ങിയ ശിക്ഷ നൽകുകയും ചെയ്തു. കൊല്ലം ജില്ലയിൽ ബാബു എന്ന രോഗി ചികിത്സാപിഴവ് മൂലം മരണപ്പെട്ടതിനെതിരെ ഡോ. അനിൽ കുമാറിന്റെ പേരിൽ അച്ചടക്കനടപടി സ്വീകരിച്ചു. ഒരു ഇൻക്രിമെന്റ് തടഞ്ഞ് ഉത്തരവായിട്ടുണ്ട്. ഇതേ വിഷയത്തിൽ ഡോ. ജോസഫ് ഫ്രാൻസിസിനെതിരെ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. വിതുര ആശുപത്രിയിലെ ശേഖർ എന്ന രോഗിയുടെ മരണവുമായി ബന്ധപ്പെട്ട് ഡോ. സുകേഷ് രാജ്, ഡോ. ദീപ പി.എസ് എന്നിവർക്ക് അച്ചടക്കനടപടിയുടെ ഭാഗമായി 2 ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെയല്ലാതെ തടയാൻ നടപടി സ്വീകരിച്ചു. നെയ്യാറ്റിൻകര ആശുപത്രിയിലെ സുനിൽകുമാറിന്റെ മരണവുമായി ബന്ധപ്പെട്ട ഡോ. സുജാ |

| | | | |
|---|---|---|---|
| | | | അഗസ്റ്റിൻ, സ്റ്റാഫ് നേഴ്സായ ശശികല ശേഖർ എന്നിവരുടെ രണ്ട് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടയുവാനും ഡോ. സജിത്, ഡോ. ഷീന (സൂപ്രണ്ട്) എന്നിവർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു. ഡോ. വിനോദ് ചെറിയാനെ സ്ഥലംമാറ്റം നടത്തിയിട്ടുണ്ട്. ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിലെ ബിന്ദുവിന്റേയും കുട്ടിയുടെയും മരണവുമായി ബന്ധപ്പെട്ട് ഗൈനക്കോളജിസ്റ്റായ ഡോ. ലീമാ. ജെ. സി-യുടെ രണ്ട് വാർഷിക ഇൻക്രിമെന്റ് അച്ചടക്കനടപടിയുടെ ഭാഗമായി തടയുവാൻ ഉത്തരവായി. നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ മഞ്ജു എന്ന രോഗിയുടെ മരണവുമായി ബന്ധപ്പെട്ട ഡോ. ജയശ്രീ. സി.പി, ഡോ. ജയശ്രീ. എസ്. നായർ ഡോ. അനുശ്രീ, സ്റ്റാഫ് നേഴ്സ് ബിന്ദു ദാമോദരനും ചാർജ്ജ് മെമ്മോ നൽകി. മെന്റൽ ആശുപത്രി, പേരൂർക്കട സത്നാംസിംഗിന്റെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുകയും തുടർ അന്വേഷണത്തിന് സർക്കാർ തലത്തിൽ ഡോ. വേലായുധൻപിള്ള കമ്മീഷനെ നിയോഗിക്കുകയും റിപ്പോർട്ട് സമർപ്പിക്കാത്തതിനാൽ അഡീഷണൽ ഡയറക്ടർ ഡോ. പി.ഡി രേണുകയെ നിയമിക്കുകയും ചെയ്തു. പേരൂർക്കട മെന്റൽ ആശുപത്രിയിലെ വെങ്കിടേഷ് പൈയുടെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി ആശുപത്രിയിലെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുവാൻ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. നെയ്യാറ്റിൻകര ആശുപത്രിയിൽ സ്റ്റാൻലിയുടെ മരണവുമായി ബന്ധപ്പെട്ട ഡോ.ഷിബിക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ നെൻമാറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ചികിത്സ ലഭിക്കാതെ കൃഷ്ണൻകുട്ടി എന്ന രോഗി മരണമടഞ്ഞ സംഭവത്തിൽ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്. പുനലൂർ താലൂക്ക് ആശുപത്രിയിൽ പ്രബിത എന്ന രോഗി മരിക്കാനിടയായ സംഭവത്തെപ്പറ്റി അന്വേഷണത്തിനായി എക്സ്പാർട്ടി കമ്മിറ്റി രൂപികരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. (G.O(Rt) No. 214/2015/H&FWD dated 21/01/2015) |

| | | | |
|---|---|---|---|
| | | | **അംഗവൈകല്യം സംഭവിച്ച കേസിലെടുത്ത ശിക്ഷാനടപടി**<br>കുന്ദംകുളം താലൂക്കാശുപത്രിൽ നടന്ന തിമിര ശസ്ത്രക്രീയയിൽ രോഗികളുടെ കാഴ്ച നഷ്ടപ്പെട്ട സംഭവത്തിൽ ടി ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഓഫ്ത്താൽമോളജിസ്റ്റ്) ഡോ. കെ. ആർ പ്രദീപ്കുമാറിനെയും ഹെഡ് നേഴ്സ് ശ്രീമതി എൻ രമണിയേയും സസ്പെന്റ് ചെയ്യുകയും തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ച് കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു. ഇതിൽ ശ്രീമതി എൻ രമണി സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. ഇവരെ കൂടാതെ ടി വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ജീവനക്കാർക്ക കൂടി അച്ചടക്കനടപടിയുടെ ഭാഗമായി കുറ്റാരോപണ മെമ്മോ നല്കി.<br>1. ശ്രീമതി റീന എം. ജോസ് നേഴ്സിംഗ് അസിസ്റ്റന്റ്<br>2. ഡോ. താജ് പോൾ പനയ്ക്കൽ, സൂപ്രണ്ട്<br>3. ഡോ. രേഖ റ്റി.ആർ, മുൻ സൂപ്രണ്ട്<br>4. ശ്രീമതി സത്യഭാമ, നേഴ്സിംഗ് സൂപ്രണ്ട്<br>5. ശ്രീമതി ഗീത റ്റി.വി, നേഴ്സിംഗ് അസിസ്റ്റന്റ്<br>6. ശ്രീമതി ജയശ്രീ. നേഴ്സിംഗ് അസിസ്റ്റന്റ്<br>7. ശ്രീമതി സുഷ മരക്കാവളപ്പിൽ, സ്റ്റാഫ് നേഴ്സ്<br>8. ശ്രീമതി അമ്മിണി എം.കെ, സ്റ്റാഫ് നേഴ്സ്<br>9. ശ്രീമതി നസിം ഹുസൈൻ, സ്റ്റാഫ് നേഴ്സ്<br>10. ശ്രീമതി സുഭദ്ര, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2<br>11. ശ്രീമതി ശാന്ത കെ.ജെ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2<br>12. ശ്രീമതി സുജ സി.കെ, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 |
| സി | ഇത്തരത്തിൽ മരണപ്പെട്ടവരുടെയും അംഗവൈകല്യം സംഭവിച്ചവരുടെയും കുടുംബങ്ങൾക്ക് എന്തൊക്കെ ധനസഹായം നൽകുകയുണ്ടായി; വ്യക്തമാക്കുമോ; | സി | കുഴൽമന്ദം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ചികിത്സ ലഭിക്കാതെ ഐശ്വര്യ എന്ന രോഗിയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് 2010-ൽ മരണമടഞ്ഞ സംഭവത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒരു ലക്ഷം രൂപ 2013-ൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. തുടർന്ന് യേശുദാസ് എന്ന രോഗി ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുമ്പ് മരണപ്പെട്ട സംഭവത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അവകാശികൾക്ക് 4 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി | ഇത്തരം ഗുരുതര വീഴ്ച വരുത്തുന്ന ഡോക്ടർമാർ അന്വേഷണ ഘട്ടത്തിൽ മറ്റ് സ്വകാര്യ ആശുപത്രികളിൽ സേവനം നടത്തി പണമുണ്ടാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ വകുപ്പിന്റെ നയം എന്തെന്ന് വ്യക്തമാക്കുമോ? | ഡി | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡോക്ടർ മാരുടെ സ്വകാര്യ പ്രാക്ടീസുകൾ സംബന്ധമായി ഗവ. സർവന്റ്സ് കോൺടാക്ട് റൂൾ 50-ൽ വിശദമായി നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ